റൂൾ–30 പാർട്ട്—1 കെ. എസ്. ആർ. പ്രകാരം നൽകിയിട്ടുള്ള ആനുകൂല്യം എയിഡഡ് സ്കൂൾ അദ്ധ്യാപകർക്ക് നൽകുന്നതിന് നിവേദനം

1252 [2007] ശ്രീ. കെ. സുകുമാരനുണ്ണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ 'പേ ഫിക്സേഷൻ' കാര്യങ്ങളിൽ തെറ്റു പറ്റിപ്പോയാൽ ഓപ്ഷൻ റിവൈസ് ചെയ്യുന്നതിന് നൽകിയിട്ടുള്ള റൂൾ–30 പാർട്ട്—1 കെ. എസ്. ആർ. പ്രകാരം നൽകിയിട്ടുള്ള ആനുകൂല്യം എയിഡഡ് സ്കൂൾ അദ്ധ്യാപകർക്ക് നൽകുന്നതിന് ഏതെങ്കിലും സംഘടന ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) അതു നൽകുന്നതിന് നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതു നൽകാവുന്നതാണോ എന്ന കാര്യം പരിശോധിക്കുന്നതിന് നടപടി ആരംഭിച്ചു കഴിഞ്ഞു.

പെൻഷൻ പ്രായം

1253 [2009] ശ്രീ. കെ. സുകുമാരനുണ്ണി: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന ഗവൺമെന്റ് ജീവനക്കാരുടെ ഇടയിൽ പെൻഷൻ പ്രായത്തിൽ ഒരു ഏകീകരണം ആവശ്യമായതിനാൽ ജീവനക്കാരുടെ പെൻഷൻ പ്രായം 58 ആയി ഉയർത്തുന്നതിന് നടപടി കൈക്കൊള്ളുമോ ?

ഉത്തരം

സംസ്ഥാനത്ത് ഇന്ന് നിലവിലുള്ള രൂക്ഷമായ തൊഴിലില്ലായ്മ പ്രശ്നം കണക്കിലെടുത്തുകൊണ്ടു അത്തരമൊരു നടപടി എടുക്കാൻ തൽക്കാലം ഗവൺമെന്റ് ഉദ്ദേശിക്കുന്നില്ല.

സ്റ്റേറ്റ് കാറുകൾ പ്രൈവറ്റ് ആവശ്യത്തിന് ഉപയോഗിക്കുന്നതായി ആക്ഷേപം

1254 [2011] ശ്രീ. പി. ബാലൻ:

,, എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരളാ സ്റ്റേറ്റ് 40-ാംനമ്പർ കാർ ഇപ്പോൾ ആരുടെ ഉപയോഗത്തിനാണ് വിട്ടുകൊടുത്തിരിക്കുന്നതെന്ന് വ്യക്തമാക്കാമോ:

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ കാർ ഔദ്യോഗിക കാര്യങ്ങൾക്കല്ലാതെ തികച്ചും സ്വകാര്യ ആവശ്യങ്ങൾക്ക് ഉപയോഗിച്ചുവരുന്നവിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഈ കാറിനുവേണ്ടി പ്രതിമാസം എത്ര രൂപ പെട്രോളിനും മറ്റ് ആവശ്യങ്ങൾക്കുമായി വിനിയോഗിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ കാർ ഓവർ സ്പീഡായും അശ്രദ്ധമായും പൊതുജനങ്ങൾക്ക് അപകടകരമായരീതിയിലുമാണ് ഓടിക്കുന്നതെന്നവിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഇ) ഈ കാർ മുട്ടി ഇതിനകം എത്ര പേർക്ക് പരിക്ക് പറ്റിയെന്ന് വ്യക്തമാക്കുമോ;

(എഫ്) പൊതുജനങ്ങളുടെ ജീവനെ കരുതി ഈ കാറിന്റെ ഇപ്പോഴത്തെ ഡ്രൈവറെ മാറ്റാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളാ സ്റ്റേറ്റ് 40-ാംനമ്പർ കാർ ഇപ്പോൾ വികലാംഗ കമ്മീഷനായി പ്രവർത്തിച്ചുവരുന്ന ശ്രീമതി എൻ. ഓമനക്കുഞ്ഞമ്മയുടെ ഔദ്യോഗിക ഉപയോഗത്തിനായി വിട്ടുകൊടുത്തിരിക്കുകയാണ്.

(ബി) സാധാരണഗതിയിൽ ഔദ്യോഗിക കാര്യങ്ങൾക്കായി ഈ കാർ ഉപയോഗിച്ചുവരുന്നു. സ്വന്ത ആവശ്യങ്ങൾക്കായി ഈ കാർ 262 കിലോമീറ്റർ ഓടിയിട്ടുണ്ട്. നിയമാനുസൃതം ഇതിലേക്കായി നിശ്ചയിച്ച ചാർജ്ജ് കമ്മീഷൻ സർക്കാരിലേക്ക് അടയ്ക്കുന്നതായിരിക്കും.

(സി) പെട്രോളിനും, ഓയിലിനും വേണ്ടി പ്രതിമാസം ശരാശരി 861 രൂപ ചെലവാകുന്നുണ്ട്. ഈ കാർ കമ്മീഷന് വിട്ടുകൊടുത്തശേഷം അറ്റകുറ്റപ്പണികൾക്കായി ഇതുവരെ 4063 രൂപ 85 പൈസ ചെലവായിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ഈ കാർ മുട്ടി ഇതുവരെ ആർക്കും പരിക്കുപറ്റിയതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടില്ല.

(എഫ്) മേൽപ്പറഞ്ഞ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

സ്പെഷ്യൽ റിക്രൂട്ടുമെന്റ് പ്രകാരം നിയമിച്ച പോലീസ് ഉദ്യോഗസ്ഥൻമാർ

1255 [2012] ശ്രീ. വി. കെ. രാജൻ:

,, കെ. ടി. കുമാരൻ:

,, എം. കെ. കേശവൻ: താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

1977-78, 1978-79 വർഷങ്ങളിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് പ്രകാരം പോലീസ് ഡിപ്പാർട്ടുമെന്റിൽ ഗസറ്റഡ് റാങ്കിൽ എത്ര പേരെ നിയമിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly